(ഡി) പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വ്യവസായങ്ങൾ നടത്താൻ അനുയോജ്യമായ സ്ഥലം കണ്ടെത്തി, വൈദ്യുതി, റോഡ്, വെള്ളം തുടങ്ങി എല്ലാവിധ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി വികസിപ്പിച്ചെടുക്കുന്ന ഡവലപ്മെന്റ് ഏരിയ/പ്ലോട്ട് എന്നീ സ്ഥലങ്ങൾ വ്യവസായ സംരംഭകർക്ക് നൽകിവരുന്നുണ്ട്.

(ബി) വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് കമ്പോള വിലയിലും വളരെ താഴ്ന്ന നിരക്കിൽ ആണ് വ്യവസായ ഡവലപ്മെന്റ് ഏരിയായിലും പ്ലോട്ടിലും ഭൂമി നൽകുന്നത്. തവണ വ്യവസ്ഥയിലും, മുഴുവൻ തുക ഒന്നായി അടച്ചും ഭൂമി നൽകുവാൻ വ്യവസ്ഥയുണ്ട്.

(സി) സർക്കാർ സ്ഥാപനങ്ങളായ കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി., ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ എന്നിവ വഴിയും വായ്പകൾ ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. വായ്പ ലഭിക്കുന്നതിനാവശ്യമായ സാങ്കേതിക സാധ്യതാ റിപ്പോർട്ടും മറ്റു സഹായങ്ങളും വ്യവസായ വകുപ്പുവഴി ലഭ്യമാണ്. വ്യവസായ വകുപ്പുവഴിയും, സ്മാൾ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യ വഴിയും മാർജിൻ മണി വായ്പയും അനുവദിക്കുന്നുണ്ട്.

(ഡി) എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉള്ള ഭൂമി കുറഞ്ഞ വിലയ്ക്ക് നൽകുന്നു. ലൈസൻസുകളും മറ്റു അനുമതി പത്രങ്ങളും വളരെ എളുപ്പത്തിൽ ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനം, സംരംഭകത്വം വളർത്തിയെടുക്കുന്നതിനുള്ള 'സംരംഭക വികസന ക്ലബ്ബുകൾ', സമൂഹ വ്യവസായ വികസന പദ്ധതി ഇൻഡസ്ട്രീസ് റിസോഴ്സ് ലൊക്കേറ്റർ, സാങ്കേതികവിദ്യാ വികസന പദ്ധതി, മൂലധന നിക്ഷേപ സബ്സിഡി, മാർജിൻ മണി വായ്പ, സംരംഭകത്വ വികസന പരിപാടികൾ, സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങി വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുള്ള പല പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി, വ്യവസായ ഇൻക്യുബേറ്റർ പദ്ധതി, വ്യവസായ ഭൂമി പതിച്ചുകൊടുക്കുക വ്യവസായത്തിന് ഭൂമി അനുവദിക്കുക തുടങ്ങിയ പദ്ധതികൾ സംബന്ധിച്ച നിയമങ്ങൾ ലഘൂകരിക്കുന്നതിനുള്ള ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

ആഗോള നിക്ഷേപക മേളയിലെ വിദേശ മൂലധന നിക്ഷേപം

107 [2583] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷമാദ്യം കൊച്ചിയിൽ സംഘടിപ്പിച്ച ആഗോള നിക്ഷേപക മേളയിൽ വിദേശ മൂലധന നിക്ഷേപം സംബന്ധിച്ച് എത്ര ധാരണാ പത്രങ്ങളിൽ സർക്കാർ ഒപ്പു വച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച വിശദവിവരം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആഗോള നിക്ഷേപക സമ്മേളനത്തിൽ ഒപ്പുവച്ച ധാരണാ പത്രങ്ങളിൽ ഏതൊക്കെ പദ്ധതികൾ നടപ്പിൽ വരുത്തിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആഗോള നിക്ഷേപക സമ്മേളനത്തിൽ വിദേശ കമ്പനികൾ ഏകദേശം 484 കോടി രൂപ മുതൽമുടക്ക് വരുന്ന 9 പദ്ധതികൾക്ക് ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. കൂടാതെ വിദേശ നിക്ഷേപവുമുണ്ടാകാവുന്ന 1,450 കോടി രൂപയുടെ 15 പദ്ധതികൾക്കായി പ്രവാസികളും ധാരണാ പത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) ഇതിനോടകം 40 പദ്ധതികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.† താഴെ പറയുന്ന 4 പദ്ധതികൾ പൂർത്തിയായിക്കഴിഞ്ഞു:

1. വെയ്ഡിംഗ് സെന്റർ, അങ്കമാലി (ആലുക്കാസ് ഗ്രൂപ്പ്)—രൂപ 40 കോടി
2. ഗ്രാനൈറ്റിൽനിന്ന് മണൽ ഉല്പാദനം (പോബ്സ് ഗ്രൂപ്പ്)—രൂപ 25 കോടി
3. ഓർഗാനിക് സ്പെഷ്യാലിറ്റി കോഫി തേയില (പോബ്സ് ഗ്രൂപ്പ്)—രൂപ 10 കോടി
4. ഇന്റഗ്രേറ്റഡ് ട്രക്ക് ടെർമിനൽ, കളമശ്ശേരി—രൂപ 12 കോടി.

കൊച്ചിയിൽ പ്രത്യേക സാമ്പത്തിക മേഖല

108 [2584] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ പ്രത്യേക സാമ്പത്തിക മേഖല ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതുപ്രകാരം ഏതെല്ലാം വ്യവസായങ്ങളാണ് ഇവിടെ ആരംഭിക്കാൻ പോകുന്നത്;

(സി) ഇവർക്ക് സർക്കാർ എന്തെല്ലാം സൗകര്യങ്ങളും സൗജന്യങ്ങളുമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി പോർട്ട് ട്രസ്റ്റ് അവരുടെ കൈവശമുള്ള 1000 ഏക്കർ സ്ഥലത്ത് ഒരു പ്രത്യേക സാമ്പത്തിക മേഖല ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിന് ഇൻഡ്യാ ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക മേഖല ആരംഭിക്കുന്നതിന് അനുയോജ്യമായി സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക മേഖലാ നയം രൂപീകരിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിൽ പ്രത്യേക സാമ്പത്തിക മേഖല രൂപീകരിക്കുവാൻ ശ്രമം നടന്നുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly